Australian Government
Australian Digital Health Agency

My Health Record

നിങ്ങളുടെ മൈ ഹെൽത് റെക്കോർഡ് വിവരങ്ങൾ ആർക്കൊക്കെ പരിശോധിക്കാം എന്നത് നിയന്ത്രിക്കുക

# നിങ്ങളുടെ മൈ ഹെൽത് റെക്കോർഡ് വിവരങ്ങൾ (My Health Record) ആർക്കൊക്കെ പരിശോധിക്കാം എന്നത് നിയന്ത്രിക്കുക

നിങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങളുടെ സുരക്ഷിതമായ ഓൺലൈൻ സംഗ്രഹമാണ് മൈ ഹെൽത് റെക്കോർഡ്.

നിങ്ങളുടെ മൈ ഹെൽത് റെക്കോർഡിലുള്ള വിവരങ്ങൾ എന്തെന്നും ആർക്കെല്ലാം ഈ വിവരങ്ങൾ കാണാമെന്നും നിങ്ങൾക്ക് നിയന്ത്രിക്കാം.

നിങ്ങളുടെ മൈ ഹെൽത് റെക്കോർഡിലുള്ള വിവരങ്ങൾ ഇന്റർനെറ്റ് സെർച്ചിലൂടെ കണ്ടെത്താനാകില്ല. ഹെൽത്ത് പ്രൊവൈഡർമാർ മൈ ഹെൽത് റെക്കോർഡ് ഉപയോഗിക്കാൻ രജിസ്റ്റർ ചെയ്തിരിക്കണം. കൂടാതെ അവരുടെ കമ്പ്യൂട്ടറിൽ ഇതുപയോഗിക്കുന്നതിനുള്ള സുരക്ഷിതമായ പ്രോഗ്രാമും ഉണ്ടായിരിക്കണം.

ആരോഗ്യ പരിപാലനത്തിനല്ലാതെ നിങ്ങളുടെ റെക്കോർഡ് പരിശോധിക്കുന്നത് നിയമ ലംഘനമാണ്. അനധികൃതമായി മൈ ഹെൽത് റെക്കോർഡ് പരിശോധിച്ചാൽ ഗുരുതരമായ പിഴകൾ ബാധകമാണ്.

## നിങ്ങളുടെ വിവരങ്ങൾ സുരക്ഷിതമാക്കുന്നതിന് കൂടുതൽ സ്വകാര്യതാ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും

നിങ്ങളുടെ ആരോഗ്യ വിവരങ്ങൾ സുരക്ഷിതമായി ലഭ്യമാക്കാനാണ് മൈ ഹെൽത് റെക്കോർഡ് ഒരുക്കിയിരിക്കുന്നത്. ആരോഗ്യപരിപാലനം നൽകുന്ന ഹെൽത് പ്രൊവൈഡർമാർക്ക് മാത്രമേ നിങ്ങളുടെ മൈ ഹെൽത് റെക്കോർഡ് കാണാൻ കഴിയൂ. കൂടുതൽ സ്വകാര്യത വേണമെങ്കിൽ നിങ്ങൾക്ക് ആക്സസ് കോഡുകൾ ഉപയോഗിക്കാം. അല്ലാത്ത പക്ഷം എപ്പോൾ വേണമെങ്കിലും മൈ ഹെൽത് റെക്കോർഡിൽ നിന്നും നിങ്ങളുടെ രേഖകളും മെഡികെയർ വിവരങ്ങളും നീക്കം ചെയ്യാൻ സാധിക്കുന്നതാണ്

ഒരു റെക്കോർഡ് ആക്സസ് കോഡ് (Record Access Code - RAC) സജ്ജമാക്കുന്നതുവഴി ഹെൽത് കെയർ പ്രൊവൈഡർമാർ നിങ്ങളുടെ മൈ ഹെൽത്ത് റെക്കോർഡ് പരിശോധിക്കുന്നത് നിയന്ത്രിക്കാവുന്നതാണ്. നിങ്ങളുടെ ഹെൽത് കെയർ പ്രൊവൈഡറെ നിങ്ങളുടെ മൈ ഹെൽത് റെക്കോർഡ് വിവരങ്ങൾ പരിശോധിക്കാൻ അനുവദിക്കണം എങ്കിൽ ഈ റെക്കോർഡ് ആക്സസ് കോഡ് അവർക്ക് നൽകാം.

നിങ്ങളുടെ മൈ ഹെൽത് റെക്കോർഡിൽ ഓൺലൈനായി ലോഗിൻ ചെയ്ത് എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് കോഡ് മാറ്റാവുന്നതാണ്

**പ്രധാനവിവരം:** ഒരു ഹെൽത് പ്രൊവൈഡർ നിങ്ങളുടെ മൈ ഹെൽത് റെക്കോർഡ് പരിശോധിക്കുമ്പോൾ, നിങ്ങളുടെ റെക്കോർഡ് കാണാൻ അനുവാദമുള്ളവരുടെ പട്ടികയിലേക്ക് (Healthcare Provider Access List) ആ പ്രൊവൈഡറുടെ പേര് ചേർക്കപ്പെടും. അതായത്, പിന്നീട് നിങ്ങൾ ഒരു ആക്സസ് കോഡ് ഏർപ്പെടുത്തിയാലും, അതിന് മുമ്പ് റെക്കോർഡ് പരിശോധിച്ചിട്ടുള്ള പ്രൊവൈഡർമാർക്ക് കോഡില്ലാതെ തന്നെ വീണ്ടും പരിശോധിക്കാൻ കഴിയും.

ഈ ഹെൽത് പ്രൊവൈഡർമാരെ മെയിൽ ഹെൽത് റെക്കോർഡ് പരിശോധിക്കുന്നതിൽ നിന്ന് വിലക്കണമെങ്കിൽ ഹെൽത് കെയർ പ്രൊവൈഡർ ആക്സസ് ലിസ്റ്റിൽ നിന്ന് അവരെ നീക്കംചെയ്യേണ്ടതാണ്.

ലിമിറ്റഡ് ഡോക്യുമെന്റ് ആക്സസ് കോഡ് (Limited Document Access Code - LDAC) സജ്ജമാക്കുന്നതിലൂടെ നിങ്ങളുടെ റെക്കോർഡിലെ ചില രേഖകൾ കാണുന്നതിൽ നിന്ന് ഹെൽത് പ്രൊവൈഡറെ തടയാൻ കഴിയും.

ഈ രേഖകൾ കാണാൻ നിങ്ങളുടെ ഹെൽത് കെയർ പ്രൊവൈഡറെ അനുവദിക്കണമെങ്കിൽ നിങ്ങൾ സജ്ജമാക്കിയ ലിമിറ്റഡ് ഡോക്യുമെന്റെ ആക്സസ് കോഡ് (LDAC) അവർക്ക് നല്കാവുന്നതാണ്.

അടിയന്തര സാഹചര്യങ്ങളിൽ റെക്കോർഡ് പരിശോധിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ താൽക്കാലികമായി നിർത്തലാക്കാം. അതായത് അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ടവരുടെ വിവരങ്ങൾ, അലർജി, മരുന്നുകൾ, രോഗപ്രതിരോധം എന്നി വിവരങ്ങൾ എളുപ്പത്തിൽ ഹെൽത് പ്രൊവൈഡർക്ക് ലഭ്യമാകും. സുരക്ഷിതമായ ചികിത്സയും പരിചരണവും നൽകുന്നതിന് ഇത് സഹായിക്കും.

നിങ്ങളുടെ ആരോഗ്യ പരിപാലനത്തിനല്ലാതെ മനഃപൂർവ്വം നിങ്ങളുടെ റെക്കോർഡ് മറ്റൊരാൾ നോക്കുന്നത് നിയമവിരുദ്ധമാണ്. കനത്ത പിഴയും ജയിൽ ശിക്ഷയും കിട്ടാവുന്ന കുറ്റമാണ് അത്.

**MyHealthRecord.gov.au**

വിളിക്കാനുള്ള നമ്പർ 1800 723 471

ആക്സസ് നിയന്ത്രണങ്ങൾ സജ്ജമാകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

# ആക്സസ് നിയന്ത്രണങ്ങൾ സജ്ജമാക്കുന്നതെങ്ങനെ

myGov ഉപയോഗിച്ച് നിങ്ങളുടെ മൈ ഹെൽത്ത് റെക്കോർഡ് പരിശോധിക്കുക. നിങ്ങൾക്ക് **MyGov** അക്കൗണ്ട് ഇല്ലെങ്കിൽ my.gov.au സന്ദർശിച്ച് അക്കൗണ്ട് തുടങ്ങാവുന്നതാണ്. **myGov**ൽ ലോഗ് ഇൻ ചെയ്തുകഴിഞ്ഞാൽ, **'Services'** (സേവനങ്ങൾ) തിരഞ്ഞെടുക്കുക,തുടർന്ന് നിങ്ങളുടെ 'മൈ ഹെൽത്ത് റെക്കോർഡ് സജ്ജമാക്കാൻ **'Link'** (ലിങ്ക്) ബട്ടൺ തിരഞ്ഞെടുക്കുക. ഹെൽത്ത് കെയർ പ്രൊവൈഡറുമായുള്ള അവസാന കൂടിക്കാഴ്ചയെക്കുറിച്ച് ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലൂടെ നിങ്ങളുടെ വ്യക്തിവിവരങ്ങൾ സ്ഥിരീകരിക്കണം.

## റെക്കോർഡ് ആക്സസ് കോഡ് (RAC) എങ്ങനെ സജ്ജമാക്കാം

### MyGov വഴി നിങ്ങളുടെ മൈ ഹെൽത്ത് റെക്കോർഡിലേക്ക് ലോഗ് ഇൻ ചെയ്യുക

1. 'Privacy & Access' (സ്വകാര്യതയും അനുമതിയും) തിരഞ്ഞെടുക്കുക




2. 'Document Access Setting' (ഡോക്യുമെന്റ് ഉപയോഗ സെറ്റിംഗ്) ൽ 'Manage Access' (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക




3. ഡ്രോപ്പ് ഡൗൺ പട്ടികയിൽ നിന്ന് 'Manage Access' (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക




4. 4-8 വരെ അക്ഷരങ്ങളോ അക്കങ്ങളോ ഉള്ള കോഡ് നൽകിയതിന് ശേഷം 'Continue' (തുടരുക) തിരഞ്ഞെടുക്കുക. ശേഷം 'Confirm' (അംഗീകരിക്കുക) തിരഞ്ഞെടുക്കുക

   നിങ്ങൾക്ക് ലിമിറ്റഡ് ഡോക്യുമെന്റ് ആക്സസ് കോഡുണ്ടെങ്കിൽ അതേ കോഡ് ഇവിടെ ഉപയോഗിക്കാൻ പാടില്ല







**1800 723 471** എന്ന ഹെൽപ് ലൈൻ നമ്പറിൽ വിളിച്ച് RAC സജ്ജമാക്കാൻ നിങ്ങൾക്ക് കൂടുതൽ സഹായം തേടാവുന്നതാണ്. നിങ്ങൾക്കായി RAC സജ്ജമാക്കാൻ അവർക്ക് കഴിയും.

# നിങ്ങളുടെ ഹെൽത്ത് കെയർ പ്രൊവൈഡർ ആക്സസ് ലിസ്റ്റിൽ നിന്ന് ഒരു ഡോക്ടറെ എങ്ങനെ നീക്കം ചെയ്യാം

## MyGov വഴി മൈ ഹെൽത് റെക്കോർഡിലേക്ക് ലോഗ് ഇൻ ചെയ്യുക

1. 'Privacy & Access' (സ്വകാര്യതയും അനുമതിയും) തിരഞ്ഞെടുക്കുക




2. 'Document Access Setting' (ഡോക്യുമെന്റ് ഉപയോഗ സെറ്റിംഗ്) ൽ 'Manage Access' (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക




3. ഡ്രോപ്പ് ഡൗൺ പട്ടികയിൽ നിന്ന് 'Manage Access' (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക




4. 'Remove' (ഒഴിവാക്കുക) തിരഞ്ഞെടുക്കുക. അതിന് ശേഷം 'Continue' (തുടരുക) തിരഞ്ഞെടുക്കുക. ശേഷം 'Confirm' (അംഗീകരിക്കുക) ചെയ്യുക






Australian Government
Australian Digital Health Agency

My Health Record



# ലിമിറ്റഡ് ഡോക്യുമെന്റ് ആക്സസ് കോഡ് എങ്ങനെ സജ്ജമാക്കാം

## MyGov വഴി മൈ ഹെൽത് റെക്കോർഡിൽ ലോഗ് ഇൻ ചെയ്യുക

1. ‘Privacy & Access’ (സ്വകാര്യതയും അനുമതിയും) തിരഞ്ഞെടുക്കുക




2. ‘Access by Healthcare Providers’ (ഹെൽത് കെയർ പ്രൊവൈഡർമാരുടെ ഉപയോഗ അനുമതി) വിഭാഗത്തിൽ നിന്ന് ‘Manage Access’ (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക




3. ‘Set limited document access code’ (ലിമിറ്റഡ് ഡോക്യുമെന്റ് അക്സസ് കോഡ് സജ്ജമാക്കുക) തിരഞ്ഞെടുക്കുക




4. 4-8 വരെ പ്രതീകങ്ങളുള്ള കോഡ് നൽകിയതിന് ശേഷം ‘Continue’ (തുടരുക) തിരഞ്ഞെടുക്കുക. ശേഷം ‘Confirm’ (അംഗീകരിക്കുക) ചെയ്യുക.

   റെക്കോർഡ് ആക്സസ് കോഡ് ഉണ്ടെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായിരിക്കണം ഈ കോഡ്







5. ഏതു രേഖ കാണാനാണ് അനുമതി നിഷേധിക്കേണ്ടത് എന്ന് കണ്ടെത്തിയതിന് ശേഷം ‘Manage Access’ (അനുമതി നിയന്ത്രണം) തിരഞ്ഞെടുക്കുക

